## ഡാമുകളിൽ നിന്നുള്ള മണൽവാരൽ

186(1443) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഏതൊക്കെ ഡാമുകളിൽ നിന്ന് മണൽവാരൽ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ അരുവിക്കര ഡാമിന്റെ കാച്ച്മെന്റ് ഏരിയായിൽ നിന്നും പാലക്കാട് ജില്ലയിൽ മലമ്പുഴ, ചുള്ളിയാർ, വാളയാർ ഡാമുകളിൽ നിന്നും ആക്കുളം കായലിൽ നിന്നും ചെളിയും മണ്ണും നീക്കുന്നതിന്റെ ഭാഗമായി മണൽ ശേഖരിക്കുന്നുണ്ട്.

## വാണിജ്യനികുതി വകുപ്പിൽ നിന്നുള്ള നികുതി വരുമാനം

187(1444) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാണിജ്യനികുതി വകുപ്പിൽ നിന്നുള്ള നികുതി വരുമാനം എത്രയായിരുന്നു ; ഈ സർക്കാരിന്റെ കാലത്ത് നികുതി വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ :

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക എത്രയായിരുന്നു ;

(സി) ഈ ഇനത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടി ;

(ഡി) നിലവിൽ നികുതി കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാണിജ്യനികുതി വകുപ്പിൽ നിന്നുള്ള നികുതി വരുമാനവും വർദ്ധനവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | നികുതി വരുമാനം (തുക കോടിയിൽ) | വർദ്ധനവിന്റെ ശതമാനം |
|---|---|---|
| 2005-06 | 6983.25 | 3 |
| 2006-07 | 8586.82 | 24 |
| 2007-08 | 9585.34 | 11 |
| 2008-09 | 11571.42 | 19 |
| 2009-10 | 13200 | 21 |
| 2010-11(31-1-11 വരെ) | 12520.73 | 23 |

(ബി) 3078.70 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**വിൽപ്പന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക**

189(1445) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിൽപ്പന നികുതിയിനത്തിൽ 2011 ജനുവരി 31 വരെ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ആര്യങ്കാവ് ചെക്ക് പോസ്റ്റിലുള്ള വെയ്ബ്രിഡ്ജിന്റെ പ്രവർത്തനക്ഷമത**

189(1446) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിലുള്ള വെയ്ബ്രിഡ്ജ് പ്രവർത്തനരഹിതമാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എത്രകാലമായി പ്രസ്തുത വെയ്ബ്രിഡ്ജ് പ്രവർത്തന രഹിതമായിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം തൂക്കത്തിന് ആനുപാതികമായി നികുതി കണക്കാക്കേണ്ടിവരുന്ന കേസ്സുകളിൽ ഖജനാവിനുണ്ടായ നഷ്ടം നികത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) അമിതഭാരം കയറ്റിവരുന്ന വാഹനങ്ങളെ തടയുന്നതിനും, അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഈ കാലയളവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വിൽപ്പന നികുതി**

190(1447) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിൽപ്പന നികുതി ചെക്ക് പോസ്റ്റുകളുടെ എണ്ണം എത്ര; പ്രസ്തുത ചെക്ക് പോസ്റ്റുകളിൽ നിന്ന് 2010 ഡിസംബർ 31 വരെ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ചെക്ക് പോസ്റ്റിൽ ആവശ്യത്തിന് സ്റ്റാഫില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly